ബോധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട നിയമവ്യവസ്ഥയിൽനിന്നും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ച് നൽകാറുണ്ട്. അപ്രകാരം ഉത്തരവ് നൽകുമ്പോൾ ടി പ്രവർത്തന പരിധിയിൽ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെയും നിലനിൽപ്പിനെയും ദോഷകരമായി ബാധിക്കുമോയെന്നതുകൂടി പരിഗണിക്കാറുണ്ട്.

(സി) സഹകരണ നിയമം വകുപ്പ് 7(1)(സി) പ്രകാരം ഇതര സ്വഭാവത്തിലുള്ള സംഘങ്ങൾ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നതിന് തടസ്സമില്ല. സഹകരണ ചട്ടം 15 പ്രകാരമുള്ള ഓരോതരം സംഘങ്ങളുടെയും മുഖ്യ ഉദ്ദേശ്യലക്ഷ്യം വ്യത്യസ്തവും ഒരു പ്രത്യേക മേഖലയുടെക്ഷേമം ലക്ഷ്യമാക്കിയുള്ളതുമാണ്. ആകയാൽ ഇതര സ്വഭാവത്തിലുള്ള പുതിയ സംഘങ്ങൾ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നത് ഒഴിവാക്കേണ്ട സാഹചര്യം [illegible]

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനം

50 (5855) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേക്ക് നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഒഴിവുകൾ മാറ്റിവയ്ക്കണമെന്ന് ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്; എന്നാണ് വ്യക്തമാക്കിയത്;

(ബി) പ്രസ്തുത ഇടക്കാല ഉത്തരവില്ലാതെ പ്രസ്തുത തസ്തികയിൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 8-10-2013-ലെ ഇടക്കാല ഉത്തരവ് പ്രകാരം 7 ഒഴിവുകളും 17-12-2013-ലെ ഇടക്കാല ഉത്തരവ് പ്രകാരം 14 ഒഴിവുകളും 9-1-2015-ലെ ഇടക്കാല ഉത്തരവ് പ്രകാരം 10 ഒഴിവുകളും (ആകെ 31 ഒഴിവുകൾ) ഹർജിക്കാർക്കുവേണ്ടി മാറ്റിവയ്ക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) 8-10-2013, 17-12-2013 എന്നീ തീയതികളിലെ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാർക്കായി നീക്കിവച്ച 21 ഒഴിവുകളിൽ ഹർജിക്കാർ ഒരു ജില്ലയിലേയ്ക്കും അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ടി ഒഴിവുകൾ ഏത് ജില്ലയ്ക്കാണ് മാറ്റിവയ്ക്കേണ്ടത് എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായശേഷമേ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നൽകുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly